# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2022 കെ. യു എച്ച്. ക്യു., തീയതി: 03.11.2023

**പ്രസിദ്ധീകരണത്തിന്**

**പ്രായോഗിക പരീക്ഷകൾ**

കണ്ണൂർ സർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.എ. മ്യൂസിക്(റെഗുലർ / സപ്ലിമെന്ററി), നവംബർ 2023 പ്രായോഗിക പരീക്ഷകൾ 2023നവംബർ 06- ന് പിലാത്തറ ലാസ്യ കോളേജ് ഓഫ് ഫൈൻ ആർട്സിൽവച്ച് നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെടുക .

**ഹാൾ ടിക്കറ്റ്**

കണ്ണൂർ സർവകലാശാലയിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിലെ ബി.എ എൽ.എൽ.ബി മൂന്നാം സെമസ്റ്റർ (റെഗുലർ/ **സപ്ലിമെന്ററി**), നവംബർ 2023 പരീക്ഷകളുടെ ഹാൾ ടിക്കറ്റുകൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഓഫ് ലൈൻ ആയി അപേക്ഷിച്ച വിദ്യാർത്ഥികളുടെ ഹാൾ ടിക്കറ്റ് പരീക്ഷാ കേന്ദ്രത്തിൽ നിന്നും കൈപ്പറ്റേണ്ടതാണ്.
ഹാൾ ടിക്കറ്റ് ലഭിക്കാത്തവർ എത്രയും പെട്ടെന്ന് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്(0497 2715264 ).

**പുനർ മൂല്യ നിർണ്ണയ ഫലം**

പ്രൈവറ്റ് രെജിസ്ട്രേഷൻ നാല് ,അഞ്ച്, ആറ് സെമസ്റ്റർ ബി എ / ബി കോം / ബി ബി എ പരീക്ഷകളുടെ പുനർ മൂല്യ നിർണ്ണയ ഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് .

ഗ്രേഡ് / ഗ്രേഡ് പോയിന്റ് മാറ്റമുള്ള പക്ഷം , വിദ്യാർഥികൾ റിസൾട്ട് മെമ്മോയുടെ ഡൌൺലോഡ് ചെയ്ത പകർപ്പും അസ്സൽ ഗ്രേഡ് കാർഡും സഹിതം ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്

**പ്രൊഫോർമ സമർപ്പിക്കണം**

2009 മുതൽ 2013 വരെയുള്ള വർഷങ്ങളിൽ അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനം നേടിയതും കോഴ്സ് വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കാത്തവരുമായ ബിരുദ വിദ്യാർത്ഥികൾക്ക് മേഴ്സി ചാൻസ് പരീക്ഷ

നടത്തുന്നതിനായുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേക്ക് ആവശ്യമായ വിവര ശേഖരണത്തിനായി, സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച നിർദിഷ്ട മാതൃകയിലുള്ള പ്രൊഫോർമ ഡൌൺലോഡ് ചെയ്ത് പൂരിപ്പിച്ച് 2023 നവംബർ30ന് വൈകുന്നേരം 5മണിക്ക് മുമ്പായി സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.വിശദാംശങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്

**ഒപ്പ് /-**

**അസിസ്റ്റന്റ് രജിസ്ട്രാർ I**

**പരീക്ഷാ വിഭാഗം.**